

TUESDAY 04/11/2025 ചൊവ്വാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## FARM INFORMATION BUREAU

**Agriculture Development & Farmer's Welfare Department**

**Government of Kerala**

Chief Editor: SINDHU. KS    Editor: Dr. V. Krishnadas

Farm Information Bureau, Kowdiar, Thiruvananthapuram -695003
Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com
Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 04/11/2025

1. കർഷകന് കൃഷിയിടത്തിൽ ഡിജിറ്റൽ സേവനങ്ങൾ ലഭ്യമാക്കാൻ ആശ്രയ സേവന കേന്ദ്രങ്ങളിലൂടെ സാധിക്കുമെന്ന് കൃഷി മന്ത്രി പി.പ്രസാദ് പറഞ്ഞു. ആശ്രയ കേന്ദ്രങ്ങളുടെ സംസ്ഥാന തല ഉദ്ഘാടനം അണ്ടൂർക്കോണത്ത് വച്ച് നിർവ്വഹിക്കുകയായിരുന്നു മന്ത്രി. സമയബന്ധിതമായി ആനുകൂല്യങ്ങളും സേവനങ്ങളും കർഷകർക്ക് ലഭ്യമാക്കാൻ ഈ സെന്റർ സഹായകമാകും. കർഷകന്റെ അനുഭവത്തോടൊപ്പം വിവര സാങ്കേതികാടിസ്ഥാന ശാസ്ത്രീയ പരിപാലന മുറകൾ കൂടി ചേരുന്ന 'സ്മാർട്ട് കൃഷി' സാധ്യമാക്കാൻ "ആശ്രയ" സേവന കേന്ദ്രങ്ങൾ മുഖ്യ പങ്ക് വഹിക്കും. കൃത്രിമ ബുദ്ധിയുടെ സഹായത്തോടെ കാലാവസ്ഥയ്ക്കും വിപണിക്കും അനുയോജ്യമായ വിള തിരഞ്ഞെടുക്കാൻ കർഷകർക്ക് കഴിയും. കാലാവസ്ഥാ വ്യതിയാനവും വെള്ളപ്പൊക്കവും മണ്ണൊലിപ്പും പോലുള്ള പ്രതിസന്ധികളെ മുൻകൂട്ടി തിരിച്ചറിഞ്ഞ് പ്രതിരോധ നടപടികൾ സ്വീകരിക്കാനും ഡിജിറ്റൽ സംവിധാനങ്ങളിലൂടെ സാധ്യമാകും. വന്യമൃഗശല്യം തടയുന്നതിലും സാങ്കേതിക പരിഹാരങ്ങൾ വളരെയധികം ഫലപ്രദമാണ്. കേരളാ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

കൃഷി ഹബ്ബ് 'കതിർ' ആപ്പ്, അഗ്രിസ്റ്റാക്ക്, e-NAM, AIMS തുടങ്ങിയ ഡിജിറ്റൽ പ്ലാറ്റ് ഫോമുകൾ മുഖേനയുള്ള സേവനങ്ങളും ആശ്രയ കേന്ദ്രത്തിലൂടെ കർഷകർക്ക് ലഭ്യമാകും. സംസ്ഥാന സർക്കാരിന്റെ നാലാം നൂറുദിന പരിപാടിയുടെ ഭാഗമായി കർഷകന് വിരൽത്തുമ്പിൽ ഡിജിറ്റൽ കാർഷിക സേവനങ്ങൾ എത്തിക്കുന്നതിനായി സംസ്ഥാനത്തെ 14 ജില്ലകളിലും ആദ്യഘട്ടമായി ഒരോ കേന്ദ്രങ്ങൾ വീതം പ്രവർത്തനമാരംഭിക്കും. കൊല്ലം-ശാസ്താംകോട്ട കൃഷി ശ്രീ സെന്റർ, പത്തനംതിട്ട-കവിയൂർ കാർഷിക കർമസേന, ആലപ്പുഴ-കരപ്പുറം ഹരിത കാർഷിക കർമസേന, കോട്ടയം-മീനച്ചിൽ ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷൻ, ഇടുക്കി-ചെണ്ടുമല്ലി കൃഷിക്കൂട്ടം, എറണാകുളം-പാമ്പാക്കുട അഗ്രോ സർവ്വീസ് സെന്റർ, തൃശ്ശൂർ-വെള്ളാങ്ങല്ലൂർ കാർഷിക സേവന കേന്ദ്രം, പാലക്കാട്-നിള ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷൻ, മലപ്പുറം-വേങ്ങര ബ്ലോക്ക് കൃഷി ശ്രീ സെന്റർ, കോഴിക്കോട്-ഇൻസെൽ അഗ്രോടെക് കൃഷിക്കൂട്ടം, വയനാട്-പനമരം കാർഷിക കർമസേന, കണ്ണൂർ-പിണറായി കാർഷിക കർമസേന, കാസറഗോഡ്-അഗ്രോ സർവീസ് സെന്റർ പുല്ലൂർ-

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
FARM INFORMATION BUREAU
Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

പെരിയ, എന്നിവയാണ് പ്രാരംഭമായി ആരംഭിക്കുന്ന മറ്റ് ആശ്രയ കേന്ദ്രങ്ങൾ.

2. 2025 വർഷത്തിൽ റബ്ബർമരങ്ങളിൽ റെയിൻഗാർഡു ചെയ്യുകയോ മരുന്നുതളി നടത്തുകയോ ചെയ്യുതിനും പരമ്പരാഗത റബ്ബർ കൃഷിമേഖലയിൽ ആവർത്തനകൃഷിയോ പുതുകൃഷിയോ നടത്തിയതിനും റബ്ബർബോർഡിൽ നിന്നുള്ള ധനസഹായത്തിന് ഓൺലൈൻ ആയി അപേക്ഷ സമർപിക്കാനുള്ള അവസാനതീയതി 2025 നവംബർ 17–ലേക്ക് നീട്ടി. റബ്ബറുത്പാദകസംഘങ്ങൾക്ക് സ്പ്രേയർ/ ഡസ്റ്റർ വാങ്ങിയതിനുള്ള ധനസഹായത്തിന് അപേക്ഷിക്കേണ്ട അവസാനതീയതി 2025 നവംബർ 28–ലേക്കും നീട്ടിയിട്ടുണ്ട്. ഇനിയും അപേക്ഷ സമർപ്പിക്കാത്തവർ ഈ അവസരം പ്രയോജനപ്പെടുത്തി നിശ്ചിത തീയതിക്കകം അപേക്ഷകൾ സമർപിക്കാൻ താൽപര്യപ്പെടുന്നു. കൂടുതൽ വിവരങ്ങൾക്ക് അടുത്തുള്ള റബ്ബർബോർഡ് റീജിയണൽ ഓഫീസുകളോ ഫീൽഡ് സ്റ്റേഷനുകളോ ആയി ബന്ധപ്പെടുകയോ www.rubberboard.gov.in റബ്ബർബോർഡ് വെബ് സൈറ്റ് സന്ദർശിക്കുകയോ ചെയ്യുക.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

3. കൊച്ചി സമുദ്ര ആവാസവ്യവസ്ഥ, മത്സ്യബന്ധനം, അക്വാകൾചർ മേഖലകളിലെ വെല്ലുവിളികൾ ചർച്ച ചെയ്യുന്ന ആഗോള മറൈൻ സിംപോസിയം (മീകോസ്) ഇന്ന് (04.11.2025) സിഎംഎഫ്ആർഐ യിൽ തുടങ്ങും. നവംബർ 6 വരെയുള്ള സമ്മേളനത്തിൽ സമുദ്ര ശാസ്ത്രജ്ഞർ, ഗവേഷകർ, നയരൂപീകരണ വിദഗ്ധർ, വ്യവസായികൾ, കർഷകർ തുടങ്ങിയവർ പങ്കെടുക്കും. മറൈൻ സിംപോസിയത്തിന്റെ ഭാഗമായി പൊതുജനങ്ങൾക്കാ യി സംഘടിപ്പിക്കുന്ന സീഫുഡ് മേളയിൽ നീരാളി വിഭവങ്ങളുടെ പാചക പ്രദർശനം മുഖ്യ ആകർഷണമാകും. സമുദ്രവിഭവങ്ങളുടെ രുചിവൈവിധ്യങ്ങൾ പരിചയപ്പെടുത്തുന്ന മേളയിൽ പരമ്പരാഗത, നൂതന കടൽ വിഭവങ്ങൾ ലഭ്യമാകും. സ്ത്രീക്കൂട്ടായ്മകൾ, കുടുംബശ്രീ യൂണിറ്റുകൾ, സീ ഫുഡ് സംരംഭകർ തുടങ്ങിയവരുടെ സ്റ്റാളുകൾ മേളയിലുണ്ട്. രാവിലെ 10 മുതൽ രാത്രി 10 വരെയാണ് മേള. ചൊവ്വ, ബുധൻ ദിവസങ്ങളിൽ വൈകിട്ട് 3 മുതൽ 5 വരെയാണ് പാചക പ്രദർശനം.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## പരിശീലന പരിപാടി

4. കേരളകാർഷിക സർവകലാശാലയുടെ കീഴിലുള്ള കോഴിക്കോട് വേങ്ങേരി കാർഷികവിജ്ഞാനവിപണന കേന്ദ്രത്തിൽ **'ശാസ്ത്രീയ കുരുമുളക്കൃഷിയും നഴ്സറിപരിപാലനവും'** എന്ന വിഷയത്തിൽ 2025 നവംബർ 10 തിങ്കളാഴ്ച രാവിലെ 10 മണി മുതൽ ഉച്ചയ്ക്ക് 2 മണിവരെ ഏകദിനപരിശീലനപരിപാടി നടത്തുന്നു. താല്പര്യമുള്ളവർ **0495 2935850, 9188223584** എന്നീ ഫോൺ നമ്പറിൽ പ്രവർത്തി ദിവസങ്ങളിൽ രാവിലെ 10 മണി മുതൽ വൈകിട്ട് 5 മണി വരെ രജിസ്റ്റർ ചെയ്യേണ്ടതാണ്.

5. മലമ്പുഴ സർക്കാർ മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൻറെ ആഭിമുഖ്യത്തിൽ **"ആട് വളർത്തൽ"** എന്ന വിഷയത്തിൽ 05/1/2025 ന് മൃഗസംരക്ഷണ പരിശീലന കേന്ദ്രം മലമ്പുഴയിൽ വച്ച് രാവിലെ 10.00 മണി മുതൽ 5.00 മണി വരെ സൌജന്യ പരിശീലനം ഉണ്ടായിരിക്കുന്നതാണ്. പരിശീലനത്തിൽ പങ്കെടുക്കുന്നവർ **0491-2815454** എന്ന നമ്പറിൽ ഓഫീസ് പ്രവൃത്തി ദിവസങ്ങളിൽ രാവിലെ 10.00 മണി മുതൽ വൈകിട്ട് 5 മണി വരെയുള്ള സമയത്ത് വിളിച്ച്

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

ff

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

മുൻകൂട്ടി രജിസ്റ്റർ ചെയ്യേണ്ടതാണ്. ആധാർ കാർഡിന്റെ പകർപ്പ് കൊണ്ടുവരേണ്ടതുമാണ്.

6. ക്ഷീര വികസന വകുപ്പിന്റെ വലിയതുറയിൽ പ്രവർത്തിക്കുന്ന തീറ്റപ്പുൽകൃഷി വികസന പരിശീലന കേന്ദ്രത്തിൽ ക്ഷീര കർഷകർക്ക് വിവിധ വിഷയങ്ങളിൽ നവംബർ 12, 13 തീയതികളിൽ പരിശീലനം നൽകുന്നു. കൂടുതൽ വിവരങ്ങൾക്ക് 0471-2501706 / 9388834424 എന്നീ നമ്പരുകളിൽ വിളിക്കുകകയോ അല്ലെങ്കിൽ വാട്സ് അപ്പ് സന്ദേശം അയയ്ക്കുകയോ ചെയ്യുക

**കാർഷിക നിർദേശം**

7. കുരുമുളകിൽ മാറിമാറി വരുന്ന വെള്ളക്കെട്ടും തുടർന്നുള്ള വരൾച്ചയും മൂലം മഞ്ഞളിപ്പ് കാണുന്നുണ്ട്. 2 ഗ്രാം കൊസൈഡ് ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലക്കി മഞ്ഞളിപ്പ് ബാധിച്ച ചെടികളുടെ ചുവട്ടിൽ ഒഴിച്ചു കൊടുക്കുക. തുടർന്ന് രണ്ടാഴ്ച്ചയ്ക്ക് ശേഷം 20 ഗ്രാം സ്യൂഡോമോണാസ് ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലക്കി തടത്തിൽ ഒഴിച്ചു കൊടുക്കുകയും ഇലകളിൽ തളിച്ചു കൊടുക്കുകയും ചെയ്യുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം